LIBRARY ARCHIVES Kerala Legislative Assembly

ഖാദി തൊഴിലാളികളുടെ മിനിമം കൂലി

188 (4991) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം കൂലി ഏതുവർഷം മുതലാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2010/തൊഴിൽ തീയതി 8-1-2010 പ്രകാരം കേരള സംസ്ഥാനത്തെ ഖാദി വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 24-6-2015-ലെ സ.ഉ. (പി) നമ്പർ 73/2015/തൊഴിൽ ഉത്തരവ് പ്രകാരം ഖാദി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്കായി ശ്രീ. പി. കെ. ഗോപാലൻ സ്വതന്ത്രാംഗവും ചെയർമാനുമായും ബഹുമാനപ്പെട്ട ലേബർ കമ്മീഷണർ സ്വതന്ത്രാംഗമായും താഴെപ്പറയുന്ന 4 വീതം തൊഴിലാളി - തൊഴിലുടമ പ്രതിനിധികളുമടക്കം 10 അംഗങ്ങളുള്ള ഒരു സബ് കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. ടി സബ് കമ്മിറ്റിയിൽ ശ്രീ. കെ. സുരേന്ദ്രൻ, ശ്രീ. കെ. ഗംഗാധരൻ, ശ്രീ. യു. പോക്കർ, ശ്രീ. ജെ. ഉദയഭാനു എന്നിവർ തൊഴിലാളി പ്രതിനിധികളും ശ്രീ. പി.എ.എം. ഇബ്രാഹിം, ശ്രീ. ഹുസൈൻകോയ തങ്ങൾ, ശ്രീ. കെ. കൃഷ്ണൻ, ശ്രീ. ചെറിയാൻ എം. ജോർജ് എന്നിവർ തൊഴിലുടമാ പ്രതിനിധികളുമാണ്.

ശരണ്യ സ്വയം തൊഴിൽ പദ്ധതി

189 (4992) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് ; വർഷം, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് ഒരാൾക്ക് നിലവിൽ നൽകുന്നത് ; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(സി) പദ്ധതിക്കായി തെരഞ്ഞെടുക്കുന്നവർക്ക് പരിശീലനം നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട് ; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 24-7-2010 തീയതിയിലെ ജി.ഒ. (പി) 81/2010 തൊഴിൽ പ്രകാരം നിലവിൽ വന്ന പദ്ധതിയാണിത്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ നിലവിലുള്ളതും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും 18-നും 55-നും മദ്ധ്യേ പ്രായമുള്ളതുമായ വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, ഭർത്താവ് ഉപേക്ഷിച്ചവർ, മുപ്പത് വയസ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പയും വായ്പാ തുകയുടെ 50 % സബ്സിഡിയും അനുവദിക്കുന്നു.

ശരണ്യ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ 14 ജില്ലകളിലായി ആകെ 9460 പേർക്ക് പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. വർഷം, ജില്ലതിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് നോക്കി, ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ, ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50000 രൂപയിൽ കൂടുതൽ വായ്പ ആവശ്യമുള്ളവർ 50000 രൂപയ്ക്ക് മേലുള്ള തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതും, 3% പലിശ (ഫ്ലാറ്റ് നിരക്കിൽ) 50,000 രൂപയ്ക്കുമേലുള്ള സംഖ്യക്ക് നൽകേണ്ടതുമാണ്. വായ്പ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നവർക്ക് സംരംഭകത്വ വികസന പരിശീലനം നൽകുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് പരിശീലനം നൽകിയവരുടെ വർഷം, ജില്ല തിരിച്ചുള്ള എണ്ണം അൻബന്ധം II ആയി ചേർക്കുന്നു.*

കർഷക തൊഴിലാളി പെൻഷൻ

190 (4993) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക തൊഴിലാളി പെൻഷനുള്ള വാർഷിക വരുമാന പരിധി നിലവിലെ 11,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് കർഷക തൊഴിലാളി യൂണിയൻ നൽകിയ ഉറപ്പ് പാലിക്കാൻ ഇതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ ?

(ബി) നിലവിലുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് നൽകാത്തതിനാൽ അംഗങ്ങൾക്കുള്ള ആനുകൂല്യ വിതരണം മുടങ്ങിയിരിക്കുന്നത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) 2014 -15 വർഷത്തെ മാച്ചിംഗ് ഗ്രാന്റിനത്തിൽ എത്ര രൂപ നല്കാനുണ്ടെന്നും മുൻ വർഷത്തെയും ഈ വർഷത്തെയും മാച്ചിംഗ് ഗ്രാന്റ് നൽകാനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2014 ഡിസംബർ വരെയുള്ള കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2015 ജനുവരി മുതൽ മാർച്ച് വരെയുള്ള പെൻഷൻ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. 2015 ഏപ്രിൽ മാസത്തെ കർഷക തൊഴിലാളി പെൻഷൻ ഡി.ബി.റ്റി. സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly